**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **05-12-2022 - ൽ മറുപടിയ്ക്ക്**

**അനർഹമായി കൈവശം വച്ചിരിക്കുന്ന മുൻഗണനാ റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | അനർഹമായി സ്വന്തമാക്കിയ മുൻഗണനാ റേഷൻ കാർഡുകൾ തിരികെ സമർപ്പിക്കാൻ ഭക്ഷ്യവകുപ്പ് അഭ്യർത്ഥിച്ച പ്രകാരം നിരവധിപേർ പ്രസ്തുത കാർഡുകൾ തിരികെ നൽകി മുൻഗണനാ ലിസ്റ്റിൽ നിന്നും സ്വയം ഒഴിവായെങ്കിലും നിരവധിപേർ ഇനിയും അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വച്ചിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അനർഹമായി കൈവശം വച്ചിരിക്കുന്ന മുൻഗണനാ റേഷൻ കാർഡുകൾ മുഴുവനായും തിരിച്ച് പിടിച്ച് അർഹരായവർക്ക് നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനും അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി '**ഓപ്പറേഷൻ യെല്ലോ**' എന്ന പേരിൽ ഒരു പരിശോധന പരിപാടി ആരംഭിച്ചിട്ടുണ്ട്. ടി പരിപാടിയുടെ ഭാഗമായി വകുപ്പിന്റെ 24x7 പ്രവർത്തിക്കുന്ന മൊബൈൽ നമ്പറിലും (9188527301) 1967 എന്ന ടോൾഫ്രീ നമ്പറിലും അനർഹമായി മുൻഗണന കാർഡ് കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ വിളിച്ചറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്. അങ്ങനെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അനർഹമായി മുൻഗണനാ കാർഡ് കൈവശം വച്ചവരിൽ നിന്നും നോട്ടീസ് നൽകി പിഴ ഈടാക്കുന്നതിനും ടി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ 48 മണിക്കൂറിനുള്ളിൽ കൈക്കൊള്ളുന്നു. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലും ഫീൽഡ് തല പരിശോധനയിലൂടെയും അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ നിലവിൽ വരുന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | മുൻഗണനാ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ